(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പ് മുഖേന ഗ്രാമീണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിഷൻ 676-ന്റെ ഭാഗമായി പഞ്ചായത്ത് വകുപ്പിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത് :

1. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി 2000 ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി തയ്യാറാക്കൽ.

2. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള സർവ്വേയിൽ കണ്ടെത്തിയ ഭവന ഗുണഭോക്താക്കളിൽ എഗ്രിമെന്റ് വച്ച് ഇനിയും ഭവനം പൂർത്തീകരിക്കാത്ത 35216 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കൽ.

(സി&ഡി) മിഷൻ 676-ന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭ നഷ്ടം

211 (556) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ പത്ത് വർഷമായിട്ടുള്ള ലാഭ നഷ്ടകണക്കുകളുടെ വിശദവിവരം വർഷം തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ പത്തുവർഷത്തെ ലാഭനഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

യുവ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി

212 (557) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ വ്യവസായ സംരംഭകർക്ക് നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി പ്രകാരം ഇതേവരെ എത്ര സംരംഭകർക്ക് സഹായം നൽകിയിട്ടുണ്ട് ; എത്ര തുകയുടെ സഹായമാണ് നൽകിയത് ;

(സി) സഹായം ലഭിച്ച എത്ര പ്രോജക്ടുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യുവ വ്യവസായ സംരംഭകർക്ക് സഹായം നലകുന്ന 'seed fund to youth' എന്ന പദ്ധതി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്നത് വ്യവസായ വകുപ്പ് പരിശോധിച്ചുവരുന്നു. യുവ വ്യവസായ സംരംഭകർക്ക് 'സീഡ് ഫണ്ട്' എന്ന സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. മുഖേന നാല് യുവ വ്യവസായ സംരംഭകർക്ക് 25 ലക്ഷം രൂപ വീതം 100 ലക്ഷത്തിന്റെ സഹായം അനുവദിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.-യിൽനിന്നും സഹായം ലഭിച്ച സ്ഥാപനങ്ങൾ ഇപ്പോൾ പദ്ധതി നിർവ്വഹണത്തിലാണ്.

അടച്ചുപൂട്ടിയ വ്യവസായസ്ഥാപനങ്ങൾ

213 (558) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly